22914
30/10/17



**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - പച്ചത്തേങ്ങാ സംഭരണം പുനരാരംഭിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ(എം.എസ്)നം.133/2017/കൃഷി** **തിരുവനന്തപുരം, തീയതി,26/10/2017**

പരാമർശം :- 1. സ.ഉ.(എം.എസ്) നം. 279/12/കൃഷി തീയതി 10/12/2012
2. കേരാഫെഡ് മാനേജിംഗ് ഡയറക്ടറുടെ 10/07/2017-ലെ കെ.എഫ്.ഡി /സി.ഡി.എസ് /5/2012/649 നം.കത്ത്.

**ഉത്തരവ്**

കൃഷി ഭവനുകൾ വഴി കൃഷി വകുപ്പും, കേരഫെഡും സംയുക്തമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പച്ചത്തേങ്ങ സംഭരണപദ്ധതി. പരാമർശം (1)-ലെ നിർദ്ദേശങ്ങൾക്കനുസൃതമായാണ് കൃഷി ഭവനുകൾ പച്ചത്തേങ്ങ സംഭരിച്ചിരുന്നത്. എന്നാൽ കൃഷി ഭവനുകൾ മുഖേനയുള്ള പച്ചത്തേങ്ങാ സംഭരണ പദ്ധതിയിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രാഥമിക കാർഷിക / വിപണന സഹകരണ സംഘങ്ങൾ മുഖേന സ്വതന്ത്രവും, സുതാര്യവുമായ സംവിധാനത്തിലൂടെ പച്ചത്തേങ്ങാ സംഭരണ പദ്ധതി ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേരഫെഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പച്ചത്തേങ്ങാ സംഭരണപദ്ധതി പുനരാരംഭിക്കുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അനുമതി നൽകി ഉത്തരവാകുന്നു.

1) കേരഫെഡിൽ അംഗങ്ങളായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ / മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ / കേന്ദ്ര നാളികേര വികസന ബോർഡിനു കീഴിലുള്ള നാളികേര ഉൽപ്പാദക സൊസൈറ്റി /ഫെഡറേഷനുകൾ, ഡ്രയർ സൗകര്യമുള്ള മറ്റു സൊസൈറ്റികൾ, കൂടാതെ കർഷകരിൽ നിന്നും നേരിട്ടും കേന്ദ്ര ഏജൻസിയായ നാഫെഡ് മുഖേനയും ഗുണനിലവാരമുള്ള പച്ചനാളികേരം സംഭരിച്ച് കേരഫെഡ് നിഷ്കർഷിച്ചിട്ടുള്ള ഗുണ നിലവാരത്തിലുള്ള കൊപ്രയാക്കി കേരഫെഡിന് നൽകേണ്ടതാണ്. ഗുണ നിലവാരത്തിൽ ഉണ്ടായേക്കാവുന്ന നഷ്ടം സംസ്കരണ ഏജൻസി സ്വന്തം നിലയിൽ വഹിക്കേണ്ടതാണ്.
2) സംഭരണവും, സംസ്കരണവും നടത്തുന്നതിനുള്ള സ്ഥാപനങ്ങളെ തിരഞ്ഞെടുക്കേണ്ട ചുമതല ജില്ലാ കൃഷി ഓഫീസർ, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ,കേരഫെഡ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട ജില്ലാതല സമിതിയ്ക്കായിരിക്കും.
3) ടി സഹകരണ സംഘങ്ങളെ നിശ്ചയിക്കുന്നതിനുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ കൃഷി ഡയറക്ടറും, സഹകരണസംഘം രജിസ്ട്രാറും

പുറപ്പെടുവിക്കേണ്ടതാണ്.

4) ഇപ്രകാരം സംഭരിക്കുന്ന ഗുണ നിലവാരമുള്ള നാളികേരമുപയോഗിച്ച് 30%ത്തിൽ കുറയാതെ FAQ (Fair Average Quality)ഉള്ള കൊപ്ര ഉൽപ്പാദിപ്പിച്ച് കേരഫെഡിന് നൽകേണ്ടതും ഇതിലേയ്ക്കായി ക്വിന്റൽ ഒന്നിന് താഴെ പ്രതിപാദിക്കും പ്രകാരം ചെലവ് സംഭരണ സംസ്കരണ ഏജൻസികൾക്ക് (തേങ്ങയുടെ വില കഴിച്ച്) നോഡൽ ഏജൻസിയായ കേരഫെഡ് മുഖേന അനുവദിക്കുന്നതാണ്.

| | | |
|---|---|---|
| 1 | സംഭരണ/സംസ്ക്കരണ ചിലവ് | 800/-രൂപ |
| 2 | ഭരണ മേൽനോട്ടം കയറ്റിറക്കം മുതലായവ | 50 /-രൂപ |
| 3 | കാലി ചാക്ക് ( 30 രൂപ വീതം രണ്ടെണ്ണത്തിന്) | 60/-രൂപ |
| | **ആകെ** | **910/-രൂപ** |

5) സംഭരണ, സംസ്കരണ ഏജൻസികൾക്ക് നാളികേരത്തിന്റെ വിലയ്ക്ക് പുറമേ സംസ്കരണ ചിലവും, മറ്റു ചിലവുകളും നൽകുന്നത് കേരഫെഡിന്റെ ഫാക്ടറികളിൽ എത്തിക്കുന്ന കൊപ്രയുടെ തൂക്കത്തിന്റെയും, കേരഫെഡ് ഗുണനിലവാര ചീട്ടിന്റെയും അടിസ്ഥാനത്തിലായിരിക്കും.

6) നാളികേരം ഉണക്കി കൊപ്രയാക്കുന്നതിന് ഡ്രയറുകളുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്. സ്വന്തം ഡ്രയറുകളില്ലാത്ത സൊസൈറ്റികൾ, കുടുംബശ്രീ മറ്റു കർഷക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ സഹായത്തോടെ ഗുണനിലവാരം നഷ്ടപ്പെടാതെ നാളികേരം കൊപ്രയാക്കി മാറ്റേണ്ടതാണ്.

7) സൊസൈറ്റികളിൽ തേങ്ങ സംഭരിക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ (കർഷകർക്ക്) നൽകുന്ന തുക / അളവ് തുടങ്ങിയവ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയത് ചുമതലപ്പെട്ടവർക്ക് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

8) ഓരോ മാസത്തേയും സംഭരണം സംബന്ധിച്ച വിവരങ്ങൾ അതാതു സംഘത്തിന്റെ ബോർഡ് മീറ്റിംഗിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

9) ഡ്രയറുകളുടെ ഗുണനിലവാരം, സംഭരിക്കുന്ന കൊപ്രയുടെ ഗുണനിലവാരം കർഷകർക്ക് തുക നൽകുന്ന വിധം, നാളികേര സംഭരണവുമായി ബന്ധപ്പെട്ട ട്രാൻസ്പോർട്ടേഷന്റെ സുതാര്യത എന്നിവ സംബന്ധിച്ച് കേരഫെഡിന്റെ രജിസ്ട്രാർകൂടിയായ കൃഷി ഡയറക്ടർ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

10) ഓരോ പ്രാഥമിക കാർഷിക/വിപണന സഹകരണ സംഘങ്ങളിലൂടേയും കർഷകരിൽ നിന്നും നാളികേര സംഭരണം ആരംഭിക്കുന്ന മുറയ്ക്ക് അതാതു സ്ഥലങ്ങളിലെ കൃഷി ഭവനുകളിലൂടെയുള്ള സംഭരണം നിർത്തലാക്കേണ്ടതാണ്.

11) പദ്ധതി സുതാര്യവും കുറ്റമറ്റതുമാക്കി നടത്തുന്നതിന് സംസ്ഥാനാടിസ്ഥാനത്തിലും, ജില്ലാടിസ്ഥാനത്തിലും പരിശോധനാ സമിതികൾ രൂപീകരിക്കേണ്ടതാണ്. സംസ്ഥാന തലസമിതിയിൽ കൃഷി വകുപ്പ് ഡയറക്ടർ, സഹകരണ സംഘം രജിസ്ട്രാർ, കേരഫെഡ് മാനേജിംഗ് ഡയറക്ടർ എന്നിവരും ജില്ലാതല സമിതികളിൽ അതാത് ജില്ലകളിലെ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ സഹകരണ

സംഘം ജില്ലാ ജോയിന്റ് രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവർ അംഗങ്ങളായിരിക്കേണ്ടതാണ്.

12) കമ്പോള വിലയ്ക്കനുസൃതമായി സംഭരണ പദ്ധതി പ്രകാരമുള്ള നാളികേരത്തിന്റെ വില നിശ്ചയിക്കുന്നതിന് സംസ്ഥാനതലത്തിൽ വിദഗ്ദ സമിതി രൂപീകരിക്കേണ്ടതാണ്.

13) സംഭരണം മൂലമുണ്ടാകുന്ന വിലവ്യത്യാസവും, സംഭരണ ചെലവും അനുബന്ധ ചെലവുകളും കേരഫെഡിന് അനുവദിക്കുന്നതാണ്.

14) കൃഷി വകുപ്പിന്റെ ഫാമുകളിൽ ഉൽപ്പാദിപ്പിക്കുന്ന നാളികേരം കൊപ്രയാക്കി കേരഫെഡിന് നൽകാവുന്നതാണ്. പ്രാഥമിക കാർഷിക / വിപണന സഹകരണ സംഘങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ പ്രസ്തുത ഫാമുകൾക്കും അനുവദിക്കുന്നതാണ്.

ഇതു സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ കൃഷി വകുപ്പ് ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടീക്കാറാം മീണ**

**പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ,കേരഫെഡ്, തിരുവനന്തപുരം.
ബ്രാഞ്ച് മാനേജർ, നാഫെഡ്, കൊച്ചി.
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ, തിരുവനന്തപുരം.
രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്,തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ കൃഷി ഓഫീസർമാർക്കും (കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (AGRI-B1/220/2016-Fin ,Dated 31/08/2017)
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sreelatha

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. കൃഷിവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ യ്ക്ക്.
3. ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ യ്ക്ക്.